## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 374** | **28.11.2018 -ൽ മറുപടിക്ക്.**

## റേഷൻ ഭക്ഷ്യസാധനങ്ങളുടെ വിലവർദ്ധനവ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) മൂന്നുമാസം തുടർച്ചയായി റേഷൻ ഭക്ഷ്യസാധനങ്ങൾ വാങ്ങാത്തവരുടെ റേഷൻ തടയുന്നതിന് നിർദ്ദേശമുണ്ടോ; | (എ) ഉണ്ട്. റേഷൻ കടയിൽ ഇ-പോസ് യന്ത്രങ്ങൾ സ്ഥാപിച്ചതിനു ശേഷം മൂന്നു മാസത്തിൽ കൂടുതൽ തുടർച്ചയായി റേഷൻ വാങ്ങാത്ത എ.എ.വൈ ഉൾപ്പെടെയുള്ള മുൻഗണനാ വിഭാഗം കാർഡുടമകളുടെ വിവരങ്ങൾ ലഭ്യമാക്കി, മതിയായ കാരണമില്ലാതെ റേഷൻ ധാന്യം നഷ്ടപ്പെടുത്തിയവർക്ക് നോട്ടീസ് നൽകിയ ശേഷം ഒഴിവാക്കി അർഹതപ്പെട്ടവരെ ആ സ്ഥാനത്തേക്ക് ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) രോഗികൾക്കും യാത്രചെയ്യുവാൻ ബുദ്ധിമുട്ടുള്ളവർക്കും റേഷൻ സാധനങ്ങൾ എത്തിച്ചു കൊടുക്കുന്നതിന് പ്രത്യേക സൗകര്യം ഏർപ്പെടുത്തുന്ന കാര്യം ആലോചിച്ചിട്ടുണ്ടോ; | (ബി) രോഗികൾക്കും യാത്രചെയ്യുവാൻ ബുദ്ധിമുട്ടുള്ളവർക്കും റേഷൻ സാധനങ്ങൾ എത്തിച്ചുകൊടുക്കുന്ന സൗകര്യം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് കേന്ദ്രനിർദ്ദേശം ഉണ്ട്. ആയത് സംബന്ധിച്ച നടപടിക്രമങ്ങൾ ആലോചിച്ചു വരുന്നു. |
| (സി) റേഷൻ വ്യാപാരികളുടെ വേതനം വർദ്ധിപ്പിക്കുന്നതിന് പണം കണ്ടെത്തുന്നതിനായി റേഷൻ ഭക്ഷ്യസാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് വർദ്ധനവാണ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) വ്യാപാരികൾക്ക് കമ്മീഷൻ പാക്കേജ് നടപ്പാക്കുന്ന ഇനത്തിൽ സർക്കാരിനുണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത ലഘൂകരിക്കുന്നതിനായി അന്ത്യോദയ അന്നയോജന വിഭാഗം ഒഴികെയുള്ളവർക്കുള്ള ഭക്ഷ്യധാന്യങ്ങൾക്ക് കിലോഗ്രാമിന് 1/- രൂപ നിരക്കിൽ ഇ-പോസ് മെഷീൻ സ്ഥാപിച്ചതു മുതൽ കൈകാര്യ ചെലവ് ഈടാക്കിവരുന്നു. ഈ ഇനത്തിൽ പ്രതിമാസം |
| (ഡി) 2017 നവംബറിൽ വ്യാപാരികളുടെ | ും |

| | | |
|---|---|---|
| വേതനവർദ്ധനവ് നടപ്പിലാക്കുന്നതിന് അന്ത്യോദയ അന്നയോജന വിഭാഗങ്ങൾ ഒഴികെയുള്ള കാർഡുടമകൾക്ക് നൽകുന്ന ഭക്ഷ്യധാന്യങ്ങളുടെ വില യും വർദ്ധിപ്പിച്ചിരുന്നോ; എങ്കിൽ ഇതിലൂടെ ലഭിച്ച വരുമാനം എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ? | (ഡി) | ഏകദേശം 9.76 കോടി രൂപ അധികമായി ലഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ